"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൊടുങ്ങല്ലൂർ നഗരസഭ കുടിവെള്ള കുടിശ്ശിക ഇനത്തിൽ നൽകേണ്ട തുക പദ്ധതി തയ്യാറാക്കി കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2680/2025/LSGD തീയതി,തിരുവനന്തപുരം, 05-11-2025

---

പരാമർശം:-

1. 06.10.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.3
2. കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 10.01.2025-ലെ PH4 - 7200/14 നമ്പർ കത്ത് (SRG/144/25-CC/22/25)
3. 27.03.2025-ലെ G.O(Rt) No. 3217/2025/Fin നമ്പർ ഉത്തരവ്
4. 24.04.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.14

**ഉത്തരവ്**

കൊടുങ്ങല്ലൂർ നഗരസഭ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട കുടിവെള്ള കുടിശ്ശിക 40.00 കോടി രൂപയായിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ഇത് 14.00 കോടിയായി വാട്ടർ അതോറിറ്റി കുറവ് ചെയ്തിരുന്നുവെങ്കിലും ഒറ്റത്തവണയായി അടയ്ക്കാത്തതിനാൽ തുക 17.70 കോടിയായി വർദ്ധിച്ചു. ഒറ്റത്തവണയായി അടയ്ക്കുന്നതിന് പകരം ഗഡുക്കളായി അടച്ചാൽ മതിയെന്ന് കേരള വാട്ടർ അതോറിറ്റിയുമായി ധാരണയായിട്ടുണ്ട് എന്ന് നഗരസഭ അറിയിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2023-24 വർഷം കുടിശ്ശിക അടയ്ക്കാൻ 1 കോടി രൂപയുടെ പ്രോജക്റ്റ് (വികസനഫണ്ട് ജനറൽ 75,98,720 രൂപ + CFC Basic Grant 24,01,280 രൂപ) നഗരസഭ തയ്യാറാക്കിയിരുന്നു. ആയതിനു അനുമതി നൽകുന്ന വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു. ഈ വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറെ സംസ്ഥാനതല കോർഡിനേഷൻ സമിതി ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം 01.07.2024 വരെയുള്ള കുടിശ്ശിക 19,90,54,893 രൂപയാണെന്നും, കേരള വാട്ടർ അതോറിറ്റി റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട്

ചെയ്തിരുന്നു.

2. റവന്യൂ റിക്കവറി നടപടികൾ കൂടി സ്വീകരിച്ച സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക അടയ്ക്കാൻ നഗരസഭയ്ക്ക് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (1) പ്രകാരം നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി റിവിഷനിൽ ഉൾപ്പെടുത്തി 1 കോടി രൂപ അടവാക്കുന്നതിന് നഗരസഭ പ്രോജക്ട് തയ്യാറാക്കി ( പ്രോജക്റ്റ് നമ്പർ 513/25 അടങ്കൽ - 1 കോടി രൂപ, വികസനഫണ്ട് - ജനറൽ - 75,98,720 രൂപ, CFC Tied Grant-24,01,280, പേര്-2024-25 കൊടുങ്ങല്ലൂർ നഗരസഭ - കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക അടവാക്കൽ) ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിരുന്നെങ്കിലും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2023-24 വർഷത്തേയ്ക്കുള്ള പ്രോജക്ടിന് ആയതിനാൽ ജില്ലാ ആസൂത്രണസമിതി/ ജില്ലാ പ്ലാനിംഗ് ഓഫീസർ പ്രാഥമിക അപ്രൂവൽ നൽകിയില്ല. റവന്യൂ റിക്കവറി നടപടി ആരംഭിച്ച വിഷയമായതിനാൽ തുക അടക്കുന്നതിനുള്ള മേൽ പ്രോജക്ടിന് അംഗീകാരം നൽകണമെന്നതു സംബന്ധിച്ച് പരാമർശം (2) പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

3. പരാമർശം (1) -ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ 2023-24-ലെ പ്രോജക്ടിന് അനുമതി എന്ന് പരാമർശിച്ചിരുന്നില്ല എന്നും "റവന്യൂ റിക്കവറി നടപടി കൂടി സ്വീകരിച്ച സാഹചര്യത്തിൽ നിലവിലെ കുടിശ്ശിക അടയ്ക്കാൻ നിർദ്ദേശം നൽകുന്നു' എന്നാണ് പ്രസ്തുത കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം എന്നും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ സമിതി യോഗം പരാമർശം (4) പ്രകാരം വിലയിരുത്തിയിരുന്നു. പ്രൈമറി അപ്രൂവലിൽ അനുമതി നിരസിച്ചത് ഉചിതമായില്ല എന്ന് നിരീക്ഷിച്ച സമിതി പരാമർശം (3) പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ $14^{th}$ FC unspent ബേസിക് ഗ്രാന്റിൽ നിന്ന് 10,91,10,908 രൂപ KWA യുടെ TSB അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതിനാൽ ഇനി ബാക്കി തുകയ്ക്ക് പ്രോജക്ട് തയ്യാറാക്കി നഗരസഭയിൽ നിന്ന് കുടിശ്ശിക തുക നല്കിയാൽ മതിയെന്ന് നിർദേശം നൽകി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കൊടുങ്ങല്ലൂർ നഗരസഭ കുടിവെള്ള കുടിശ്ശിക ഇനത്തിൽ നൽകേണ്ട തുക അടവാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് unspent ബേസിക് ഗ്രാന്റിൽ നിന്ന് 10,91,10,908 രൂപ കേരള വാട്ടർ അതോറിറ്റിയുടെ TSB അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതിനാൽ ഈ ഇനത്തിൽ നൽകേണ്ട ബാക്കി തുക നൽകുന്നതിന് പദ്ധതി തയ്യാറാക്കി കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നതിനു കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 06-11-2025 10:26:20

സെക്ഷൻ ഓഫീസർ